# സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET)

## പൊതുവിദ്യാഭ്യാസവകുപ്പ്, കേരള

### ആമുഖം

**1.** കേരളത്തിലെ പൊതുവിദ്യാഭ്യസവകുപ്പിന് കീഴിൽ സ്വയംഭരണ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET) കേരള 1999 സെപ്റ്റംബർ 8 ന്, ട്രാവൻകൂർ - കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രൂപീകൃതമായി. പഠനബോധനപ്രക്രിയയെ സാങ്കേതികവിദ്യയുമായി കൂട്ടിയിണക്കുന്ന പ്രവർത്തനങ്ങൾക്ക് ദിശാബോധം കൈവരുന്നതും മൾട്ടിമീഡിയയുടെ സാധ്യതകൾ ഈ രംഗത്ത് ഉപയോഗിക്കാൻ ആരംഭിക്കുന്നതും എസ്.ഐ.ഇ.ടിയുടെ രൂപീകരണത്തോടെയാണ്. വിദ്യാഭ്യാസ സാങ്കേതികവിദ്യ മോഡലുകളിലും ഓവർഹെഡ് പ്രൊജക്ടറുകളിലും എത്തിനിന്ന ഘട്ടത്തിലാണ് ടെലിവിഷന്റെയും മൾട്ടീമീഡിയയുടെയും സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ എസ്.ഐ.ഇ.ടി ആരംഭിച്ചത്. തുടർന്ന് ഡിജിറ്റൽ ഉള്ളടക്കനിർമ്മാണം, പ്രതിഭാപോഷണം, ഗവേഷണം, പ്രസിദ്ധീകരണം, അധ്യാപകശാക്തീകരണം, രക്ഷാകർതൃബോധവൽക്കരണം തുടങ്ങിയമേഖലകളിൽ എസ്.ഐ.ഇ.ടി ഇടപ്പെട്ടുവരുന്നു. ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിൽ കേന്ദ്രമാനവശേഷി വികസനമന്ത്രാലയത്തിന്റെ നിരവധി പുരസ്കാരങ്ങൾ എസ്.ഐ.ഇ.ടിക്ക് ലഭിച്ചിട്ടുണ്ട്.

### 2. എസ്.ഐ.ഇ.ടിയുടെ പ്രവർത്തനങ്ങളും ചുമതലകളും

1. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ എന്നിവരിൽ എഡ്യൂക്കേഷണൽ റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ള പഠനം, സാറ്റ്‌ലൈറ്റ് കമ്യൂണിക്കേഷൻ, ഇന്റർനെറ്റ് തുടങ്ങിയവ സംബന്ധിച്ച അവബോധം വളർത്തുക.

2. പാഠ്യപദ്ധതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങളെ പിൻതുണക്കുന്നതും വിദ്യാഭ്യാസ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടതുമായ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

3. സാങ്കേതിവിദ്യയിലധിഷ്ഠിതമായ പഠനസഹായികളും അധ്യാപകസഹായികളും വികസിപ്പിക്കുക. ഇത്തരം ഉള്ളടക്കങ്ങൾ ഇലക്ട്രോണിക് മീഡിയവഴി ഗുണഭോക്താക്കളിലെത്തിക്കുക.

4. നേരിട്ടോ ഏജൻസികൾ വഴിയോ, വിദഗ്ദ്ധരായ വ്യക്തികൾ വഴിയോ സാങ്കേതിവിദ്യയുടെ പിൻതുണയോടെ വിദ്യാഭ്യാസ പ്രോഗ്രാമുകൾ വികസിപ്പിക്കുക. സാങ്കേതികവും സർഗാത്മകവുമായ ശേഷികളെ കാലാനുസൃതമാക്കി കരിക്കുലം ഉള്ളടക്കത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കുകയും നവീന ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്യുക.

5. മാധ്യമങ്ങൾ വഴി പൊതുസമൂഹത്തിലെത്തിക്കുന്നതിനായി ഹാൻഡ്ഔട്ടുകൾ, അധ്യാപനസഹായികൾ, അധ്യാപകപരിശീലന സഹായികൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക.

6. വിദ്യാഭ്യാസ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. കല, ശാസ്ത്രം, പരിസ്ഥിതി, പൗരബോധം, മനുഷ്യാവകാശം, ലിംഗസമത്വം, ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവസരതുല്യത തുടങ്ങിയ മേഖലകളിൽ സാങ്കേതികവിദ്യയിലധിഷ്ഠിതമായ പ്രത്യേക പാക്കേജുകൾ ലഭ്യമാക്കുക.

8. സ്കൂൾ വിദ്യാഭ്യാസത്തെ പിൻതുണക്കാൻ കഴിയുന്ന ഇതര ശാസ്ത്രസാങ്കേതിക ഏജൻസികളുമായി ബന്ധം സൃഷ്ടിക്കുക.

9. വിദ്യാഭ്യാസ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിവിധ കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പാക്കുക.

10. വിവരസാങ്കേതികവിദ്യയുടെ പിൻതുണയോടെ വിദ്യാഭ്യാസവകുപ്പിന്റെ ഭരണസംവിധാനത്തെ കാര്യക്ഷമമാക്കാൻ പിൻതുണ നൽകുക.

3. ഭരണസംവിധാനം

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET)യുടെ നിയമാവലി പ്രകാരം സ്ഥാപനത്തിന് ഒരു ജനറൽ കൗൺസിലും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണുള്ളത്. ജനറൽ കൗൺസിലിന്റെ ഘടന താഴെ പറയും പ്രകാരമാണ്.

1. Chairman - Chief Minister
2. Vice Chairman- Minister for General Education
3. Secretary, General Education
4. Member Secretary, Director, SIET
5. Director of Public Instruction (Presently DGE)
6. Director, SCERT
7. Director, VHSE (Post abolished)
8. Director of Higher Secondary Education (Post abolished)
9. Two nominees from similar institutions (as nominated by Government of Kerala)
10. Two representatives of MHRD
11. Three nominees from teachers (as nominated by the Government of Kerala)
12. Three individuals who have made distinct contribution in the field of Educational Tehcnology
13. Director, Central Institute of Educational Technology
14. Director, Doordarsan Kendra, Thiruvananthapuram
15. Station Director, AIR, Thiruvananthapuram
16. Nominee of NCERT
17. Eight members to be nominated by Government of Kerala from different walks of life.

**4. നിർവാഹകസമിതി (Executive Committee)**

എസ്.ഐ.ഇ.ടിയുടെ ഭരണനിർവഹണത്തിന് മാർഗനിർദ്ദേശം നൽകുകയും ഉചിതമായ തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്യുകയാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഉദ്ദേശം. **ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവകുപ്പു മന്ത്രിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ.** എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന താഴെപറയും പ്രകാരമാണ്.

1. പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി - ചെയർമാൻ
2. പൊതുവിദ്യാഭ്യാസ സെക്രട്ടറി - വൈസ് ചെയർമാൻ
3. ഡയറക്ടർ, എസ്.ഐ.ഇ.ടി - മെമ്പർ സെക്രട്ടറി
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ - എക്സ് ഒഫിഷ്യോ മെമ്പർ (Presently Director, General Education)

5. ഡയറക്ടർ എസ്.സി.ഇ.ആർ.ടി - എക്സ് ഒഫിഷ്യോ മെമ്പർ

6. ധനകാര്യവകുപ്പ് പ്രതിനിധി - എക്സ് ഒഫിഷ്യോ മെമ്പർ

7. ഗവൺമെന്റ് ഓഫ് ഇന്ത്യ, രണ്ട് പ്രതിനിധികൾ - എക്സ് ഒഫിഷ്യോ മെമ്പർ

8. ഡയറക്ടർ, ദൂരദർശൻ കേന്ദ്രം - എക്സ് ഒഫിഷ്യോ മെമ്പർ

9. ഡയറക്ടർ ആകാശവാണി - എക്സ് ഒഫിഷ്യോ മെമ്പർ

10. സ്വകാര്യ ഇലക്ട്രോണിക് മാധ്യമ രംഗത്തെ വിദഗ്ധൻ- മെമ്പർ

11. എഡ്യൂക്കേഷണൽ ടെക്നോളജി മേഖലയിലെ മൂന്ന് വിദഗ്ദ്ധർ - മെമ്പർ

12. ഒരു അധ്യാപക പ്രതിനിധി - മെമ്പർ

13.. എസ്.ഐ.ഇ.ടി സ്റ്റാഫ് പ്രതിനിധി - മെമ്പർ

നിലവിൽ ഡയറക്ടർ ഒഴിച്ചുള്ള എല്ലാ ജീവനക്കാരും കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരാണ്. നിലവിലെ ഡയറക്ടറുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| Name | : | B. Aburaj |
| Deputation | : | Director, SIET Kerala |
| Ph. No. and Email | : | 0471 2338541, dir.siet@kerala.gov.in |

**DIRECTOR,**
**SIET KERALA**